**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 982** **07-12-2022 - ൽ മറുപടിയ്ക്ക്**

**ശബരിമല ദർശനത്തിനിടെ മരണപ്പെടുന്നവരുടെ ആശ്രിതർക്കുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ശബരിമല ദർശനത്തിനിടെ മരണപ്പെടുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനായുള്ള ആശ്രിതർക്കുള്ള ധനസഹായ വിതരണത്തിനായി പത്തനംതിട്ട ജില്ലാകളക്ടർ സർക്കാരിന് എത്ര തുകയുള്ള പ്രൊപ്പോസലാണ് സമർപ്പിച്ചതെന്നും എത്ര തുക അനുവദിച്ചുവെന്നും വ്യക്തമാക്കുമോ; പ്രസ്തുത പ്രോപ്പോസലിൽ ആവശ്യപ്പെട്ട തുക അനുവദിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | 2022-23 -ലെ ശബരിമല തീർത്ഥാടന കാലയളവിൽ ഹൃദയാഘാതം മൂലവും മറ്റ് അപകടങ്ങൾ സംഭവിച്ചും മരണമടയുന്ന തീർത്ഥാടകരുടെ ആശ്രിതർക്ക് മൃതദേഹം സ്വദേശത്ത് എത്തിച്ച ശേഷമുള്ള മരണാനന്തര കർമ്മങ്ങൾ നടത്തുന്നതിന് അടിയന്തിര ധനസഹായം നൽകുന്നതിലേക്കായി ആകെ ₹ 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) അനുവദിക്കണമെന്ന് പത്തനംതിട്ട ജില്ലാ കളക്ടർ ശിപാർശ സമർപ്പിക്കുകയും ആയത് പരിശോധിച്ച് 15/11/2022-ലെ സ.ഉ.(സാധാ) നം. 4643/2022/റവ നമ്പർ ഉത്തരവ് പ്രകാരം ആകെ ₹ 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) അഡ്വാൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.<br><br>മുൻ വർഷവും ഈ ഇനത്തിൽ 19/11/2021-ലെ സ.ഉ.(സാധാ) നം. 3991/2021/റവ നമ്പർ ഉത്തരവ് പ്രകാരം ആകെ ₹ 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) മാത്രമാണ് അനുവദിച്ചിരുന്നത്. ടി തുക മുൻ വർഷം വിനിയോഗിച്ചിട്ടില്ലാത്തതുമാണ്. |
| (ബി) | ഇപ്രകാരം മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ലഭിക്കുന്ന ധനസഹായ തുകയെത്രയെന്ന് അറിയിക്കുമോ? | (ബി) | ശബരിമല തീർത്ഥാടന കാലയളവിൽ ഹൃദയാഘാതം മൂലവും മറ്റ് അപകടങ്ങൾ സംഭവിച്ചും മരണമടയുന്ന തീർത്ഥാടകരുടെ ആശ്രിതർക്ക് മൃതദേഹം സ്വദേശത്ത് എത്തിച്ച ശേഷമുള്ള മരണാനന്തര കർമ്മങ്ങൾ നടത്തുന്നതിന് അടിയന്തിര ധനസഹായം എന്ന നിലയിൽ 5,000/- രൂപ വീതമാണ് പത്തനംതിട്ട ജില്ലാ കളക്ടർ അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ